**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 34** **12-10-2026-ൽ മറുപടിയ്ക്ക്**

**മിന്നൽ പ്രളയത്തിനുള്ള പരിഹാരനടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്യുതൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** 2018 -ലെ മഹാപ്രളയത്തിന് ശേഷം സംസ്ഥാനത്ത് കാലവർഷസമയത്ത് പല സ്ഥലങ്ങളിലും മിന്നൽ പ്രളയം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** മഴയുടെ പെയ്ത്ത് രീതിയിൽ വന്നിട്ടുള്ള മാറ്റമാണ് മിന്നൽ പ്രളയങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടാൻ കാരണം. കുറഞ്ഞ സമയത്ത് അതിതീവ്ര മഴ പെയ്യുന്ന സാഹചര്യം പലപ്പോഴുമുണ്ടാകുന്നു. 1 മണിക്കൂറിൽ 100 മില്ലിമീറ്റർ മഴ പെയ്യുന്ന അവസ്ഥയെയാണ് മേഘവിസ്ഫോടനം അഥവാ cloud burst എന്ന് വിളിക്കുന്നത്. അതിതീവ്ര മഴ event കളുടെ എണ്ണത്തിലും തീവ്രതയിലും വർദ്ധനവ് ഉണ്ടായതാണ് മിന്നൽ പ്രളയങ്ങളും മലവെള്ളപ്പാച്ചിലും കൂടുതലായി ഉണ്ടാവുന്നതിലേക്ക് നയിക്കുന്നത്. ഉൾവനങ്ങളിൽ ഇത്തരം മഴ പെയ്തിറങ്ങുന്നുണ്ട്. അവിടങ്ങളിൽ ഇത്തരത്തിൽ അതിതീവ്ര മഴ പെയ്യുന്നത് പലപ്പോഴും കണ്ടെത്തുക ദുഷ്കരമാണ്. ഇത്തരം അതിതീവ്ര മഴ കുറഞ്ഞ സമയത്തേക്ക് ആണെങ്കിലും ഉൾവനത്തിൽ പെയ്തിറങ്ങുകയും ആ പെയ്ത്ത് വെള്ളവും ചില ഘട്ടങ്ങളിൽ വനത്തിനകത്ത് തന്നെ ഉണ്ടാവുന്ന ഉരുൾപൊട്ടലും എല്ലാം ചേർന്ന് അതിശക്തമായ മലവെള്ളപ്പാച്ചിലായി യാതൊരു മുന്നറിയിപ്പിനും സമയം നൽകാതെ നദികളിൽ എത്തുന്നത് വലിയ അപകടങ്ങൾ സൃഷ്ടിക്കുന്നു. ഇത്തരം ഉൾവനങ്ങളിൽ മഴമാപിനികൾ സ്ഥാപിക്കുന്നത് അസാധ്യമായത് കൊണ്ട് തന്നെ അവിടങ്ങളിൽ സംഭവിക്കുന്ന മേഘവിസ്ഫോടനം സാധാരണ നിലക്ക് കണ്ടെത്തുക പ്രയാസകരമാണ്. റഡാറുകളിൽ നിന്നും സാറ്റലൈറ്റ്കളിൽ നിന്നുമുള്ള കുമ്പാരമേഘങ്ങളുടെ വിവരങ്ങൾ വഴി അനുമാനങ്ങളിൽ എത്തിച്ചേരുക എന്നത് മാത്രമാണ് സാധിക്കുക. പലപ്പോഴും അത്തരം വിവരങ്ങൾ കാലാവസ്ഥ വകുപ്പിന് ലഭിക്കുന്ന സമയത്തിനകം തന്നെ മിന്നൽ പ്രളയം സംഭവിച്ചു കഴിഞ്ഞിട്ടുമുണ്ടാകും.

**(ബി)** മേഘവിസ്ഫോടനം, അതിതീവ്ര മഴ എന്നിവ മൂലമാണോ ഇത്തരത്തിൽ മിന്നൽ പ്രളയം ഉണ്ടാകുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മഴവെള്ളം ഉൾക്കൊള്ളാൻ ജലാശയങ്ങൾക്ക് കഴിയാത്തത് മൂലം ഒന്നോ രണ്ടോ മഴ പെയ്താൽ ഉടൻതന്നെ ജലാശയങ്ങളുടെ സമീപപ്രദേശത്തേക്ക് പെട്ടെന്ന് വെള്ളം കയറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് അടിയന്തര പരിഹാരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലാശയങ്ങളുടെ സംഭരണശേഷിയിൽ കുറവ്, നീരൊഴുക്ക് ചാലുകളിലും സ്വാഭാവിക ഡ്രെയിനേജ് സംവിധാനങ്ങളിലും തടസ്സം, തണ്ണീർത്തടങ്ങളുടെയും ജലസംഭരണ മേഖലകളുടെയും വിസ്തൃതി കുറയൽ, നഗരവൽക്കരണം മൂലമുള്ള ഉപരിതല നീരൊഴുക്ക് വർദ്ധിക്കൽ, അതിതീവ്രമായ ഹ്രസ്വദൈർഘ്യമുള്ള മഴ എന്നിവ ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ ജലാശയങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സമീപപ്രദേശങ്ങളിൽ വെള്ളക്കെട്ടും വെള്ളപ്പൊക്കവും ഉണ്ടാകാം. തുടർച്ചയായ വർഷങ്ങളിൽ സംഭവിച്ചിട്ടുള്ള ദുരന്തങ്ങളും മനുഷ്യരുടെതായ മറ്റ് ഇടപെടലുകളും നദികളുടെ ജലസംവഹന ശേഷിയിൽ കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ, മഴദിനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ്, കുറഞ്ഞ സമയത്തിനുള്ളിൽ അതിതീവ്രമായ മഴ ലഭിക്കുന്നത്, മഴയുടെ പ്രാദേശിക വിതരണത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ എന്നിവയും പ്രസ്തുത സാഹചര്യത്തിൽ നിർണ്ണായക ഘടകങ്ങളാണ്. മേഘവിസ്ഫോടനമോ ലഘുമേഘവിസ്ഫോടനമോ പോലെയുള്ള സംഭവങ്ങൾ ഉണ്ടാവുമ്പോൾ വലിയ അളവിലുള്ള വെള്ളം ഒരുമിച്ച് നദികളിൽ എത്തുകയും നദികളിലെ വീതി കുറഞ്ഞ ഇടങ്ങളിൽ നദികൾ കരകവിഞ്ഞൊഴുകുകയും ചെയ്യുന്നു. ശാസ്ത്രീയമായ രീതിയിൽ നദികളുടെ സംവഹനശേഷി വർദ്ധിപ്പിച്ചു കൊണ്ടും Flood plain കൾ ഒഴിപ്പിച്ചു കൊണ്ടും ആഘാതം ലഘൂകരിക്കാൻ സാധിക്കുന്നതാണ്. ഇതിനായി വിവിധങ്ങളായ ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**